ഹരിപ്പാട് അസംബ്ലി മണ്ഡലത്തിൽപ്പെട്ട കരുവാറ്റ-കുമാരകോടി റോഡിന്റെ ശോച്യാവസ്ഥ

47 (1986) ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിപ്പാട് അസംബ്ലി മണ്ഡലത്തിൽപ്പെട്ട കരുവാറ്റ-കുമാരകോടി റോഡിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ റോഡിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(സി) എങ്കിൽ റോഡിന്റെ അറ്റകുറ്റപ്പണി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-സി) കരുവാറ്റ-കുമാരകോടി റോഡിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

പ്ലാപ്പള്ളി-കക്കി-വണ്ടിപ്പെരിയാർ റോഡ് റീടാർ ചെയ്യുന്നതിന് എടുത്തിട്ടുള്ള നടപടി

48 (1987) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലാപ്പള്ളി-കക്കി-വണ്ടിപ്പെരിയാർ റോഡ് റീടാർ ചെയ്യുന്നതിന് എത്ര തുകയുടെ എസ്റ്റിമേറ്റാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇത്തവണത്തെ ബഡ്ജറ്റിൽ ഈ പ്രവൃത്തിക്ക് എന്തു തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ഇതിന്റെ പുനർ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ പ്രവൃത്തി നബാർഡിന്റെ ധനസഹായത്തോടെ നടപ്പാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഇ) ഇപ്പോൾ ഈ റോഡിന്റെ പച്ചക്കാനം മുതൽ വണ്ടിപ്പെരിയാർ വരെയുള്ള ഭാഗം, പൊതുമരാമത്ത് ഇടുക്കി വിഭാഗം ഭാഗികമായി പുനർനിർമ്മാണം നടത്തുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ എന്തുകൊണ്ടാണ് പത്തനംതിട്ട പൊതുമരാമത്ത് വിഭാഗം ബാക്കി ഭാഗത്ത് പാച്ചുവർക്ക് ചെയ്യുന്നതിനോ റീടാറിംഗ് നടത്തുന്നതിനോ തയ്യാറാകാത്തത് എന്ന് വ്യക്തമാക്കാമോ ;

(ജി) പ്ലാപ്പള്ളി-കക്കി-വണ്ടിപ്പെരിയാർ റോഡിന്റെ നിർമ്മാണം സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പിലുള്ള ഫയലിൽ തീരുമാനം എടുത്തിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 599 ലക്ഷം രൂപ

(ബി) ഒരു ലക്ഷം രൂപ.

(സി) ഇതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) നബാർഡ് സഹായത്തോടെ ഈ പണി നടത്തുന്നതിന് നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

(ഇ & എഫ്) പ്രസ്തുത റോഡിന്റെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന ഭാഗം അറ്റകുറ്റപ്പണി ചെയ്ത് സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്. ബാക്കി ഭാഗം വൈദ്യുതി ബോർഡിന്റെ പരിധിയിൽ വരുന്നതിനാൽ ആ വകുപ്പാണ് നടപടി സ്വീകരിക്കേണ്ടത്.

(ജി) ഇതു സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

മോഡേൺ കൊളത്തറ, അരീനാട്-പൂളക്കടവ് റോഡുകൾക്കായി സ്ഥലം അക്വയർ ചെയ്യാൻ നടപടി

49 (1988) ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോഡേൺ കൊളത്തറ, അരീനാട്-പൂളക്കടവ് റോഡുകൾക്കായി സ്ഥലം അക്വയർ ചെയ്തതിന് കോമ്പൻസേഷൻ തുക നൽകാൻ ബാക്കിയുണ്ടോ എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഉണ്ടെങ്കിൽ ഓരോ റോഡിനുമായി എത്ര തുക വീതം നൽകാനുണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) ബാക്കിയുള്ള തുക കൊടുത്തുതീർക്കാൻ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) മോഡേൺ-കൊളത്തറ റോഡിന് 16 ലക്ഷം രൂപയും അരീനാട്-പൂളക്കടവ് റോഡിന് 14 ലക്ഷം രൂപയും നൽകാനുണ്ട്.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഈ തുക കൊടുത്തു തീർക്കുന്നതാണ്.

മലപ്പുറം ബൈപാസിന്റെ നിർമ്മാണ പുരോഗതി

50 (1989) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ മംപുറം ബൈപാസിന്റെ നിർമ്മാണ പുരോഗതി എത്രത്തോളമായി എന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly